ഒരു ഓണക്കുറിപ്പ്

# എവിടെ, ആ വാമനൻ

**സുധീർ പണിക്കവീട്ടിൽ**

സുഖമുള്ള ഓർമ്മകൾ താലോലിക്കാൻ എല്ലാവർക്കും ഇഷ്ടമാണു്. കഴിഞ്ഞ്പോയത് എപ്പോഴും നല്ലതാണെന്ന് ഒരു ബോധം മനുഷ്യരിലുണ്ടു. അതിനെ ഗൃഹാതുരത്വം എന്ന് പറയുന്നുണ്ട്. കേരളത്തിലെ മലയാളികൾക്കുമുണ്ടേ അങ്ങനെ ഒരു കഥ. കള്ളകർക്കിടകം കരഞ്ഞ് പിഴിഞ്ഞ് ഇറങ്ങിപോകുമ്പോൾ വരുന്ന കാലം അതി മനോഹരമാണു്. അത് പ്രക്രുതി കനിഞ്ഞ് നൽകുന്ന വരദാനം. പൊന്നിൻ ചിങ്ങം എന്ന് അതിനെ വിളിക്കുന്നു. മാത്രമല്ല ആ മാസത്തിലെ പത്ത് ദിവസങ്ങൾ ആഘോഷഭരിതമാക്കുന്നു. വീടും പരിസരവും വ്രുത്തിയാക്കി മുറ്റത്ത് പൂക്കളെകൊണ്ട് കളമെഴുതി, പാട്ടും കളിയുമായി മലയാളനാട് കാത്തിരിക്കുന്നു. പത്താം നാൾ വരുന്ന അതിഥിയെ എതിരേൽക്കാൻ. ഒരു കാലത്ത് പ്രജകളെ ഒന്നിനും കുറവില്ലാതെ സംരക്ഷിച്ച ഒരു ധർമ്മരാജാവിനെ. അദ്ദേഹത്തിൻെറ കാലത്ത് പ്രജകൾ എല്ലാം ഒരു വ്യത്യാസവും കൂടാതെ ആമോദത്തോ ടെ വസിച്ചിരുന്നു. ഇത് പറഞ്ഞ് കേട്ട കഥയാണു. എന്നിട്ടും അതിനോട് മലയാളികൾക്കെല്ലാം ഗൃഹാതുരത്വം. സനാതനധർമ്മം എന്ന ഹിന്ദുമതം പഠിപ്പിക്കുന്നത് ഓരോ കാലത്ത് ഓരൊ അവതാരങ്ങൾ ഭൂമിയിൽ വന്ന് ഇവിടത്തെ കൊള്ളരുതായ്മകളൊക്കെ മാറ്റി ധർമ്മം സ്ഥാപിച്ച് തിരിച്ച് പോയി എന്നാണു്. (ധർമ്മ സ്ഥാപനാർത്ഥായ.. സംഭവാമി യുഗേ യുഗേ..)

എന്നാൽ ഈ വാമനാവതാരം നമ്മെ പഠിപ്പിക്കുന്നത് ഒരു പ്രശ്നവുമില്ലാതെ സുഖിച്ച് കഴിഞ്ഞിരുന്ന കേരളത്തിലെ ജനങ്ങളെ അദ്ദേഹം വന്ന് കഷ്ടത്തിലാക്കിയെന്നാണു്. മുന്നൊറ്റിയറുപത്തിയഞ്ച് ദിവസവും സമ്രുദ്ധിയിൽ കഴിഞ്ഞിരുന്ന അവർക്ക് വർഷത്തിൽ ഒരു ദിവസം മാത്രമായി സുഭിക്ഷമായ ഊണും, ഉടുപ്പും വിനോദവും. നോക്കണെ, ഓരൊ കഥകൾക്ക് വന്ന് പതിക്കുന്ന ദുരന്തങ്ങൾ. പാവം പ്രജകൾക്ക് പിന്നെ അവൻെറ കാണം വിറ്റ് ഓണം ഉണ്ണേണ്ട ഗതികേട് വന്നു. അല്ലെങ്കിൽ അവനെ അങ്ങനെ ചെയ്യാൻ നിർബന്ധിതനാക്കി. അതായ്ത് പണ്ടത്തെ കഥകൾ പറഞ്ഞ് പ്രലോഭിപ്പിച്ച് സമ്പത്ത് നശിപ്പിക്കാൻ ചെയ്യുന്ന ഒരടവ് . കാണം വിറ്റുമോണമുണ്ണണം എന്ന് പഴഞ്ചൊല്ല് അക്ഷരം പ്രതി പാലിച്ച് പാപ്പരായവരെ ആരും ഓർക്കുന്നില്ല. മുത്തച്ഛൻെറ കാലം സമ്പന്നതയുടെ ആയിരുന്നുവെന്ന് കൊച്ച് മക്കൾ എങ്ങനെയാണു് ഗൃഹാതുരത്വത്തോടെ ഓർക്കുക. അവർക്ക് ശേഷമുള്ളവർ പിന്നെ അവരുടെ കുട്ടിക്കാലത്തെ ഓർമ്മകൾ അയവിറക്കുന്നത് ശരി. ഇംഗ്ലീഷിൽ നോസ്റ്റാൾജിയ എന്ന പറയുന്ന ഗൃഹാതുരത്വത്തെ പണ്ട് പറഞ്ഞിരുന്നത് : സൈക്കാട്രിക്ക് ഡിസോർഡർ" എന്നാണു്. മലയാളി ക്ക് അങ്ങനെ ചില "വട്ടുകൾ" ഉണ്ടെന്നുള്ളത് ശരിയാണല്ലോ. പഴയ കാലത്ത് ജീവിക്കാൻ ശ്രമിക്കുകയാണു ഓർമ്മകളിലൂടെ എല്ലാവരും. പക്ഷെ ആർക്കെങ്കിലും അറിയാമോ എല്ലാ തികഞ്ഞ ഒരു മാവേലി നാടുണ്ടായിരുന്നുവെന്ന്. താഴെ പറയുന്ന പാട്ടിലൂടെ അല്ലാതെ..

മാവേലി നാട് വാണിടും കാലം
മാനുഷ്യരെല്ലാരുമൊന്ന് പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർകുമൊട്ടില്ല താനും

മാവേലി നാട് വാണിടും കാലം
മാനുഷ്യരെല്ലാരുമൊന്ന് പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർകുമൊട്ടില്ല താനും

ആധികൾ വ്യാധികൾ ഒന്നുമില്ല
ബാലമരണങ്ങൾ കേൾക്കാനില്ല
ദുഷ്ടരെ കൺകൊണ്ട് കാണ്മാനില്ല
നല്ലവരല്ലാതെ ഇല്ല പാരിൽ… ഇല്ല പാരിൽ

മാവേലി നാട് വാണിടും കാലം
മാനുഷ്യരെല്ലാരുമൊന്ന് പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർകുമൊട്ടില്ല താനും

കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
വെള്ളികോലാദികൾ നാഴികളും
എല്ലാം കണക്കിന് തുല്യമായി… തുല്യമായി

മാവേലി നാട് വാണിടും കാലം
മാനുഷ്യരെല്ലാരുമൊന്ന് പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർകുമൊട്ടില്ല താനും

കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം…പൊളിവചനം

മാവേലി നാട് വാണിടും കാലം
മാനുഷ്യരെല്ലാരുമൊന്ന് പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർകുമൊട്ടില്ല താനും

കവികൾ മനോരാജ്യങ്ങളിൽ മുഴുകിയിരിക്കുന്നവരാണെങ്കിലും ഇത് എഴുതിയ കവി അസാമാന്യ കൊതിയനായിരിക്കണം. എന്തൊക്കയാണു ആ ഹ്രുദയത്തിൽ

തുള്ളിമറിയുന്നത്. രാമരാജ്യം വരണമെന്ന് നമ്മുടെ മഹാത്മാവായ ഗാന്ധി പറഞ്ഞത് ഇത് കേൾക്കാതെയായിരിക്കുമൊ? ഇതെപോലെ ഒരു കാലത്ത് ജീവിക്കാൻ കഴിഞ്ഞാൽ എന്ത് ഭാഗ്യമായിരിക്കും. അതാണു് പറയുന്നത് ദൈവങ്ങൾക്ക് മനുഷ്യരെക്കാൾ ബുദ്ധിയുണ്ടെന്ന്. അങ്ങനെ മനുഷ്യരെകൊണ്ട് ഭൂമിയിൽ സ്വർഗമുണ്ടാക്കാൻ അവർ സമ്മതിക്കുകയില്ല. അതിനുദാഹരണമാണു ആ കുള്ളൻെറ വരവിലൂടെ നമ്മൾ കാണുന്നത്. ഒരു അര ദൈവത്തെ കൊണ്ട് ഇത്രയ്ക്ക് ഒക്കെ സാധിച്ചെങ്കിൽ ഒരു മുഴു ദൈവം വരാഞ്ഞത് നന്നായി. ഓണക്കാലത്ത് വെറുതെ ഉപ്പേരി കടിച്ച് പൊട്ടിച്ചു, പപ്പടം തല്ലി തകർത്തും, ഉരുളകൾ ഉരുട്ടികയറ്റുമ്പോൾ അൽപ്പം വട്ടുള്ള മലയാളി അതൊക്കെ മറന്ന് പോകുന്നു. അല്ലെങ്കിൽ വാമനന്മാർ അവരെ കൊണ്ട് ചിന്തിപ്പിക്കുന്നില്ല.

എന്തായാലും മാവേലി നാട് എന്ന് പണ്ട് പറഞ്ഞിരുന്നത് ടൂറിസംകാർ "ദൈവത്തിൻെറ നാട്" എന്ന് മാറ്റിയത് ഉചിതമായി. വാമനൻെറ നാട് എന്നു പറയുന്നതാകും ശരി. ഇന്ന് നീളം കൂടിയ വാമനന്മാർ ചവുട്ടി താഴ്ത്താൻ പാകത്തിൽ കാലും പൊക്കി നടക്കയാണു നാട്ടിൽ ഉടനീളം. ഓണത്തിനു ചില്ലി ചിക്കനും, പിസയും, ചൈനീസ് വിഭവങ്ങളും ഇഷ്ടപ്പെടുന്ന മലയാലം വശമില്ലാത്ത ഇംഗ്ലീഷ് മീഡിയം പ്രൊഡക്റ്റുകളായ പുതിയ തലമുറ അധികം കാലം ഈ ഓണം കൊണ്ടാടില്ല. പൊന്നാടയ്ക്കും പലക കഷണങ്ങൾക്കും വേണ്ടി ഓടി നടക്കുന്ന പാവം പ്രവാസമലയാളിയ്ക്കും ജരാ-നരകൾ വന്നു കഴിഞ്ഞു . അവരും കാലത്തിൻെറ യവനികയിൽ മറഞ്ഞ് പോകും. ഒരു കാര്യം മറക്കരുത്. മഹാബലിയ്ക്ക് അൽപ്പം അഹങ്കാരമുണ്ടായിരുന്നു അത് കുറയ്ക്കാനാണു വാമനൻ അദ്ദേഹത്തെ പാതാളത്തിലേയ്ക്ക് ചവുട്ടി താഴ്ത്തിയത് എന്നു ഒരു ന്യായം വാമനൻെറ വാലിൽ തൂങ്ങുന്നവർ വിളമ്പുന്നുണ്ട്. അതേ സമയം വാമനൻ ചതിയിലൂടെയാണു തൻെറ ഉദ്ദേശ്യം നിറവേറ്റിയത് എന്ന കാര്യം ഈ വാലുകൾ ഓർമ്മിക്കുന്നില്ല. ഗുരുവായ ശുക്രാചാര്യർ ബലിയോട് പറഞ്ഞ്.. ഈ കുള്ളൻ ആളു അത്ര ശരിയല്ല. പിന്നെ നല്ലപോലെ ആ സത്വത്തെ വീക്ഷിച്ചപ്പോൾ അത് സാക്ഷാൽ മഹാവിഷ്ണുവാണെന്ന് മനസ്സിലായി ആ വിവരവും ബലിയെ ബോധിപ്പിച്ചു. പക്ഷെ ബലി അതൊന്നും ശ്രദ്ധിക്കാൻ ശ്രമിച്ചില്ല. താൻ കൊടുത്ത വാക്ക് പാലിക്കുന്നതിലായിരുന്നു അദ്ദേഹത്തിനു ശ്രദ്ധ. എല്ലാം നഷ്ടപ്പെടുന്നുവെന്ന് മനസ്സിലാകുമ്പോൾ വാക്ക് മാറ്റിയാൽ കുഴപ്പമില്ലെന്നു ഗുരുനാഥൻ പറഞ്ഞിട്ടും ബലി കേട്ടില്ല. പൊതുജനം ഈ കഥകളൊന്നും വിസ്തരിച്ച് കേൾക്കുന്നില്ല. അവർക്ക് പുത്തെൻ കോടിയും, നല്ല ഭക്ഷണവും, അൽപ്പം വിനോദവുമൊക്കെ മതി. ഈ ചിന്താഗതിയാണു അവരുടെ പുരോഗതി തടയുന്നത്.

എന്നാൽ പ്രക്രുതി ഈ മാസത്തിൽ അതിമനോഹരിയാകുന്നു. ഇന്ദ്രനീലാഭ ചൂടുന്ന മേഘങ്ങൾ. ഇടയ്ക്കിടെ ഒരു ചാറ്റൽ മഴ. ഇതേക്കുറിച്ച് ആരൊ ഇങ്ങനെ എഴുതി " വായുവാകുന്ന വെളുത്തേടൻ മേഘങ്ങളാകുന്ന വസ്ത്രങ്ങൾ ആകാശമാകുന്ന കല്ലിൽ അടിയ്ക്കുമ്പോൾ തെറിക്കുന്ന ജലകണങ്ങളെന്നോണമുള്ള മഴയെന്ന്". പൊന്നുരുക്കുന്ന അധികം ചൂടില്ലാത്ത പകൽ. പ്രക്രുതി പൂവ്വും പ്രസാദവും വർഷിക്കുന്ന പൊന്നിൻ ചിങ്ങമാസം. എന്നാൽ ഇതും നാട്ടിൽ നിന്നും ക്രമേണ നഷ്ടപ്പെടാൻ പോകുന്നു. ഇപ്പോൾ തന്നെ പൂക്ക ളമുണ്ടാക്കാനുള്ള പൂവ് വരുന്നത് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന്. ഉണ്ണാനുള്ള അരി വരുന്നതും വേറെ എവിടെ നിന്നോ. വീട്ടിലേയും പറമ്പിലേയും പണി ചെയ്യാൻ വേലക്കാർ വരുന്നതും മറ്റ് സംസ്ഥാങ്ങളിൽ നിന്ന്. മലയാളി അവിടെ നോക്ക് കുത്തിയായി നിന്ന് അവസാനം നിൽക്കുന്നേടം വല്ലവനും സ്വന്തമാക്കുമ്പോൾ നേരെ

അറബി കടലിൻെറ മുന്നിൽ നിന്ന് കേഴാം.. കടലെ, നീല കടലേ.. ഇത്തിരി ഭൂമി തരൂ...

ഓണത്തിൻെറ മഹത്വവും മധുരവും പോയത് കൊണ്ട് എങ്ങനെ ഓണാശംസകൾ നേരും. ഐതിഹ്യങ്ങളുടെ പുറകെ പോയി സ്വന്തമായുള്ള ഐശ്വര്യങ്ങൾ ആരും കളഞ്ഞ് കുളിക്കരുത്. ആ പാട്ടിൽ പറഞ്ഞത് (മാവേലി നാട് വാണീടും കാലം) എന്തെങ്കിലും സാക്ഷാത്കരിക്കാൻ ഏതെങ്കിലും മലയാളികൾ ഒത്തൊരുമിച്ച് ശ്രമിക്കുമെന്ന വിശ്വാസത്തോടെ ഈ കുറിപ്പ് ഉപസംഹരിക്കുന്നു.

ശുഭം